പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3023 15.12.2015-ലെ മറുപടിക്ക്

പെരിങ്ങോം വില്ലേജിലെ മിച്ചഭൂമി

ചോദ്യം
ശ്രീ. സി. കൃഷ്ണൻ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ ശ്രീ. കെ.യു. ജോണിൽ നിന്നും RS.No.85 ൽ ഏറ്റെടുത്ത മിച്ചഭൂമി എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും അവരിൽ എത്ര പേർക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകി യിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | പെരിങ്ങാം വില്ലേജിൽ ശ്രീ. കെ.യു. ജോണിൽ നിന്നും ഏറ്റെടുത്ത R.S.No.85 ൽപ്പെട്ട മിച്ച ഭൂമിയിൽ ആകെ 1963 പ്ലോട്ടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 10 സെന്റ് വീതം 1400 പ്ലോട്ടുകൾ ഇതിനകം അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്. |
| (ബി) | ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നത് പ്ലോട്ട് നമ്പർ ക്രമത്തിലാണോ ; | (ബി) | അതെ. |
| (സി) | പ്ലോട്ട് നമ്പർ ക്രമത്തിലല്ലാത്ത ആർക്കൊക്കെ ഭൂമി അളന്ന് നൽകിയിട്ടുണ്ടെന്നും ആയതി നുള്ള കാരണം എന്താണെന്നും വിശദമാക്കാമോ; | (സി) | നൽകിയിട്ടില്ല. |
| (ഡി) | അനുവദിച്ച കിട്ടിയ മുഴുവൻ പേർക്കും ഭൂമി അളന്ന് തിട്ട പ്പെടുത്തിക്കൊടുക്കാൻ സമയ ബന്ധിത നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ